നമ്പർ.സി1/639/2017/റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം -14

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 06.01.2020

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,

തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ മാരും ,

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,

സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – കേരളത്തിലെ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പരിസരങ്ങളിലും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പരിസരങ്ങളിലും ചെക്ക്പോസ്റ്റ് പരിസരങ്ങളിലും ഫാസ്റ്റ് ടാഗ് കൗണ്ടർ പ്രവർത്തനക്ഷമമാക്കുന്നത് – സംബന്ധിച്ച്-:

സൂചന :- 1. ട്രാൻസ്പോർട്ട് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 20.12.2019 തീയ്യതിയിലെ അർദ്ധ അനൗദ്യോതിക കത്ത്.

2. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ജനറൽ മാനേജർ / റീജിയണൽ ഓഫീസറുടെ 26.12.2019 തീയ്യതിയിലെ NHAI/RO-Kerala/15028/2019/1689 നമ്പർ കത്ത്.

മേൽ സൂചനകളിലേയ്ക്ക് ലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.. കേരള സംസ്ഥാനത്തെ ദേശീയ പാതകളിലെ എല്ലാ ടോൾ പ്ലാസകളും കറൻസി രഹിത ഇലക്ട്രോണിക് ടോൾ കളക്ഷൻ പാതകളാക്കി മാറ്റുന്നതിന്റെ ഭാഗമായി ദേശീയപാത അതോറിറ്റിയുടെ അംഗീകാരമുള്ള ഫാസ്റ്റാഗ് സേവനദാതാക്കളെ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പരിസരത്തും , സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പരിസരത്തും, ചെക്ക്പോസ്റ്റ് പരിസരത്തും അനുവദിക്കുവാൻ മേൽസൂചനകൾ പ്രകാരം നിർദ്ദേശം ലഭിച്ചിരിക്കുന്നു. ആയതിനാൽ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്സ് പരിസരങ്ങളിലും ചെക്ക്പോസ്റ്റ് പരിസരങ്ങളിലും താത് കാലികമായി ദേശീയപാത അതോറിറ്റിയുടെ അംഗീകാരമുള്ള ഫാസ്റ്റാഗ് സേവനദാതാകൾക്ക് പോയിന്റ് ഓഫ് സെയിൽ കൗണ്ടറുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (നികുതി)

ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

16/01/2020

13/01/2020